"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി - നിലവിലെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2024/BCDD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:- 1) 20.11.2012-ലെ സ.ഉ(സാധാ)നം. 1493/2012/പിവിവിവ ഉത്തരവ്

2) അഡ്വ.പ്രിയങ്ക ശർമ്മ ഫയൽ ചെയ്ത WP(C)No. 31882/2023 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 01.11.2023-ലെ വിധിന്യായം.

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 25.11.2023-ലെ BCDIR/829/2023-B2 നം. കത്ത്.

**ഉത്തരവ്**

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് അഡ്വ. പ്രിയങ്ക ശർമ്മ ഫയൽ ചെയ്ത WP (C) No.31882/2023 കേസിൽ 01.11.2023-ൽ ബഹു.ഹൈക്കോടതി പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. സർക്കാരിലെ ബന്ധപ്പെട്ട അധികാരി കോടതിയുടെ വിധിന്യായം ലഭിച്ച് ഒരു മാസത്തിനകം 2021-2022, 2022-2023 എന്നീ വർഷങ്ങളിലെ അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറാണ്.

(2) അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചിരുന്നത്. അഭിഭാഷക ധനസഹായ പദ്ധതിയുമായി ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ 12 ലക്ഷം രൂപ വീതമാണ് ഓരോ വർഷവും സർക്കാർ വകയിരുത്തി വരുന്നതെന്നും ,സ.ഉ.(സാധാ) നം.39/2017/പി.വി.വി.വ. ഉത്തരവ് പ്രകാരം 2017 മുതൽ ഗ്രാന്റ് തുക 7500/- രൂപയിൽ നിന്നും 12,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, അപേക്ഷകരുടെ എണ്ണം വലിയതോതിൽ വർദ്ധിക്കുന്നതും കടിശ്ശിക അനുവദിക്കുവാൻ സാധിക്കാതെ വരുന്ന അവസ്ഥയും കണക്കിലെടുത്ത് ടി പദ്ധതി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും, അതിനാൽ പരാമർശം (1) പ്രകാരമുള്ള നിലവിലെ ഉത്തരവിലെ 4-ാം മത്തെ മാനദണ്ഡത്തിൽ ഭേദഗതി വരുത്തണമെന്നും പരാമർശം (3) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കുറഞ്ഞ വരുമാനമുള്ളവർക്ക് മുൻഗണന നൽകികൊണ്ട് ഒരു

വർഷം (മുൻവർഷങ്ങളിലെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കുവാൻ ഉള്ളവർ ഉൾപ്പെടെ) ആനുകൂല്യം അനുവദിക്കുന്നവരുടെ എണ്ണം പരമാവധി 100 എന്ന് പരിമിതപ്പെടുത്തിയും, പരാമർശം (1) ഉത്തരവിലെ ശേഷിക്കുന്ന വ്യവസ്ഥകൾ അതേ രീതിയിൽ നിലനിർത്തികൊണ്ടും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നത്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശം (1) സർക്കാർ ഉത്തരവിലെ 4-ാമത്തെ വ്യവസ്ഥ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

"കുറഞ്ഞ വരുമാനം ഉള്ളവർക്ക് മുൻഗണന നൽകികൊണ്ട് ഒരു വർഷം ആനുകൂല്യം അനുവദിക്കുന്നവരുടെ എണ്ണം പരമാവധി 100 എന്നു പരിമിതപ്പെടുത്തികൊണ്ടും, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ശേഷിക്കുന്ന വ്യവസ്ഥകൾ അതേ രീതിയിൽ നിലനിർത്തിക്കൊണ്ടും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മേൽ ഭേദഗതിയോടെ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(5) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ മേൽ ഭേദഗതി ഉൾപ്പെടുത്തി അടിയന്തിരമായി അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും (മുൻവർഷങ്ങളിലെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കുവാൻ ഉള്ളവർക്കു ഉൾപ്പെടെ ബാധകമാക്കി) ബഹു.ഹൈക്കോടതിയുടെ 01.11.2023-ലെ വിധിന്യായം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHA S
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,നന്ദവനം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ജി&എസ്.എസ്.എ) ,കേരള,തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 20-06-2024 14:55:44
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.പിന്നാക്കവിഭാഗവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്പിന്നാക്ക വിഭാഗവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്